പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3332 25-06-2012 -ൽ മറുപടിക്ക്.

## കോഴിക്കോട് ജില്ലയിലെ എലത്തൂരിൽ അടച്ചുപൂട്ടിയ ഡിസ്റ്റിലറി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എം. ആരിഫ് : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിലെ എലത്തൂരിൽ അടച്ചുപൂട്ടിയ ഡിസ്റ്റിലറി മാറ്റിസ്ഥാപിക്കുന്നതിനായി ഉടമകൾ വാങ്ങിയ സ്റ്റേ ഉത്തരവിനെതിരെ സർക്കാർ ഹൈക്കോടതിയെ സമീപിച്ചിരുന്നോ;<br><br>(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (എ) യും, (ബി) യും<br><br>കോഴിക്കോട്, എലത്തൂർ, വെങ്ങാലിപ്പാറയിൽ പ്രവർത്തിച്ചു വരുന്ന യുണൈറ്റഡ് ഡിസ്റ്റിലറി ഇതുവരെ അടച്ചു പൂട്ടിയിട്ടില്ല. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഷോക്കോസ് നോട്ടീസിനെതിരെ, ടി ഡിസ്റ്റിലറി പ്രസ്തുത സ്ഥലത്തു തന്നെ പ്രവർത്തിക്കുന്നതിന്, ബഹു. ഹൈക്കോടതിയിൽ നിന്നും 01-06-2012-ൽ WP(C)34957/11 (T) ഉത്തരവ് പ്രകാരം സ്റ്റേ സമ്പാദിച്ചിട്ടുണ്ട്. ഡിസ്റ്റിലറി മാറ്റി സ്ഥാപിക്കുന്നതിനെതിരെ ഉടമകൾ സ്റ്റേ വാങ്ങിയിട്ടില്ല. |
| (സി) ഈ ഡിസ്റ്റിലറിയുടെ പ്രവർത്തനം സംബന്ധിച്ച് ഇപ്പോൾ ഹൈക്കോടതി പുറപ്പെടുവിച്ച വിധി എന്താണെന്ന് വിശദമാക്കാമോ? | (സി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഷോക്കോസ് നോട്ടീസിലെ നിർദ്ദേശമനുസരിച്ച്, ഡിസ്റ്റിലറി ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലത്തു നിന്നും മാറ്റി സ്ഥാപിക്കണമെന്ന നിർദ്ദേശം, ബഹു. ഹൈക്കോടതി താല്ക്കാലികമായി സ്റ്റേ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ആഫീസർ